سورة الاعلي

87.സൂറത്തുൽ അഅ്ലാ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 19

രണ്ട് പെരുന്നാൾ നമസ്കാരങ്ങളിലും, വെള്ളിയാഴ്ച ജുമുഅഃ നമസ്കാരത്തിലും നബിﷺ ഈ സൂറത്തും അടുത്ത സൂറത്തും ഓതാറുണ്ടായിരുന്നുവെന്നും, പെരുന്നാളും ജുമുഅഃയും ഒരു ദിവസത്തിൽ (വെള്ളിയാഴ്ച) ഒരുമിച്ചു വന്നപ്പോഴും തിരുമേനി അവ രണ്ടും ഓതുകയുണ്ടായെന്നും ഹദീഥിൽ വന്നിട്ടുണ്ട്. (അ; മു; ദാ; ന.) 'വിത്ർ' നമസ്കാരത്തിൽ ഈ സൂറത്തും, സൂറത്തുൽ കാഫിറൂനയും, സൂറത്തുൽ ഇഖ്ലാസ്വും തിരുമേനി ഓതിവന്നിരുന്നുവെന്നും ഒന്നിലധികം സ്വഹാബികളിൽനിന്ന് ഇമാം അഹ്മദും (റ) ഉദ്ധരിച്ചിരിക്കുന്നു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سَبِّحِ ٱسۡمَ رَبِّكَ ٱلۡأَعۡلَى ﴿١﴾

﴾1﴿ നിന്റെ അത്യുന്നതനായ രക്ഷിതാവിന്റെ നാമത്തെ നീ സ്തോത്രകീർത്തനം ചെയ്യുക.

ٱلَّذِى خَلَقَ فَسَوَّىٰ ﴿٢﴾

﴾2﴿ അതായത്, സൃഷ്ടിച്ചു ശരിപ്പെടുത്തിയവൻ-

وَٱلَّذِى قَدَّرَ فَهَدَىٰ ﴿٣﴾

﴾3﴿ (വ്യവസ്ഥ) നിർണയിച്ചു മാർഗദർശനം നൽകിയവനും;

وَٱلَّذِىٓ أَخۡرَجَ ٱلۡمَرۡعَىٰ ﴿٤﴾

﴾4﴿ മേച്ചിൽ സ്ഥാനം (അഥവാ സസ്യാദികളെ) ഉൽപാദിപ്പിച്ചവനും;-

فَجَعَلَهُۥ غُثَآءً أَحۡوَىٰ ﴿٥﴾

﴾5﴿ എന്നിട്ട് അതിനെ അവൻ (ഇരുണ്ട) ചാമ്പൽ വർണമുള്ളതായ ചവറാക്കിത്തീർക്കുകയും ചെയ്തു. [അങ്ങനെയുള്ളവന്റെ നാമം.]

《1》 سَبِّحِ നീ തസ്ബീഹു (സ്തോത്രകീര്‍ത്തനം- പ്രകീര്‍ത്തനം) ചെയ്യുക اسْمَ رَبِّكَ നിന്റെ രക്ഷിതാവിന്റെ നാമം الْأَعْلَى അത്യുന്നതനായ, ഏറ്റവും മേലായ 《2》 الَّذِي خَلَقَ സൃഷ്ടിച്ചവന്‍ فَسَوَّى എന്നിട്ട് ശരിപ്പെടുത്തിയ 《3》 وَالَّذِي قَدَّرَ നിര്‍ണയിച്ച (വ്യവസ്ഥ ചെയ്ത- കണക്കാക്കിയ)വനും فَهَدَى എന്നിട്ട് മാര്‍ഗദര്‍ശനം ചെയ്ത, വഴി കാട്ടിയ 《4》 وَالَّذِي أَخْرَجَ പുറപ്പെടുവിച്ച (ഉല്‍പാദിപ്പിച്ച)വനും الْمَرْعَى മേച്ചല്‍ സ്ഥാനം (സസ്യാദികളെ) 《5》 فَجَعَلَهُ എന്നിട്ട് അതിനെ ആക്കി غُثَاءً ചവറ്, ഉണക്കല്‍ أَحْوَى ഇരുണ്ടത്, ചാമ്പല്‍ വര്‍ണമായത്

രണ്ടും മൂന്നും വചനങ്ങളിലെ ആശയത്തെക്കുറിച്ച് സൂറ: ഇന്‍ഫിത്വാര്‍ 7, 8; സൂറ:അബസ 19, 20; സൂറ: ത്വാഹാ 50 മുതലായ സ്ഥലങ്ങളില്‍ വിവരിച്ചത് ഓര്‍ക്കുക. ഓരോ വസ്തുവിനും അതതിന്റെ രൂപം, പ്രകൃതി, ആകൃതി, സ്വഭാവം ആദിയായ കാര്യങ്ങള്‍ വ്യവസ്ഥപ്പെടുത്തി സൃഷ്ടിച്ചുണ്ടാക്കുകയും, അതതിന്നാവശ്യവും അനുയോജ്യവുമായ മാര്‍ഗനിര്‍ദ്ദേശങ്ങള്‍ നല്‍കുകയും, കന്നുകാലികള്‍ മുതലായ ജന്തുജീവികള്‍ക്കെല്ലാം മേഞ്ഞുതിന്നുവാനുതകുന്ന സസ്യാദികളെ ഉല്‍പാദിപ്പിക്കുകയും, പിന്നീട് അവ പച്ചവര്‍ണമായിരുന്നതിനുശേഷം അവയെ ഉണക്കി ചാമ്പല്‍ വര്‍ണത്തിലും കരിമ്പിന്‍ വര്‍ണത്തിലുമുള്ള ചണ്ടിയും ചവറുമാക്കിത്തീര്‍ക്കുകയും ചെയ്യുന്നവന്‍ ആരോ അവന്റെ- അതെ, അത്യുന്നതനായ ആ ഏക രക്ഷിതാവിന്റെ -നാമം പ്രകീര്‍ത്തനം ചെയ്യുവാനും, അവനെ വാഴ്ത്തുവാനും അല്ലാഹു കല്‍പിക്കുന്നു.

فسبح باسم ربك العظيم (നിന്റെ മഹാനായ റബ്ബിന്റെ നാമത്തെ സ്തോത്രകീര്‍ത്തനം ചെയ്യുക) എന്ന് (സൂറ: വാകിഅഃയില്‍) അവതരിച്ചപ്പോള്‍, അത് നിങ്ങള്‍ നിങ്ങളുടെ 'റുകൂഇ'ല്‍ ആക്കിക്കൊള്ളുവിന്‍ എന്നും سَبِّحِ اسْمَ رَبِّكَ الْأَعْلَى (നിന്റെ അത്യുന്നതനായ റബ്ബിന്റെ നാമത്തെ സ്തോത്രകീര്‍ത്തനം ചെയ്യുക) എന്ന് (ഈ സൂറത്തില്‍) അവതരിച്ചപ്പോള്‍, അത് നിങ്ങളുടെ 'സുജൂദി'ല്‍ ആക്കിക്കൊള്ളുക എന്നും നബി ﷺ പറഞ്ഞതായി ഉക്ബത്തുബ്നു ആമിറി (റ)ല്‍നിന്ന് നിവേദനം വന്നിരിക്കുന്നു. (അ; ദാ; ജ) ഇതനുസരിച്ചാണ് നമസ്കാരത്തില്‍ 'റുകൂഇ'ല്‍ سُبْحَانَ رَبِّيَ الْعَظِيم (എന്റെ മഹാനായ റബ്ബിന് സ്തോത്രകീര്‍ത്തനം ചെയ്യുന്നു) എന്നും, 'സുജൂദി'ല്‍ سُبْحَانَ رَبِيَ الاعْلَى (അത്യുന്നതനായ റബ്ബിന് സ്തോത്രകീര്‍ത്തനം ചെയ്യുന്നു) എന്നും നാം ചൊല്ലിവരുന്നത്)

سَنُقْرِئُكَ فَلَا تَنسَىٰٓ ﴿٦﴾

《6》 നിനക്ക് നാം ഓതിത്തരാം; അതിനാല്‍ നീ മറന്നു പോകുന്നതല്ല;

إِلَّا مَا شَآءَ ٱللَّهُ ۚ إِنَّهُۥ يَعْلَمُ ٱلْجَهْرَ وَمَا يَخْفَىٰ ﴿٧﴾

《7》 -അല്ലാഹു ഉദ്ദേശിച്ചതൊഴികെ. നിശ്ചയമായും, അവന്‍ പരസ്യവും അവ്യക്തമായിരിക്കുന്നതും അറിയുന്നു.

وَنُيَسِّرُكَ لِلْيُسْرَىٰ ﴿٨﴾

《8》 കൂടുതല്‍ സുഗമമായതിലേക്ക് നിനക്ക് നാം സൗകര്യപ്പെടുത്തിത്തരുന്നതുമാണ്

﴾6﴿ سَنُقْرِئُكَ നിനക്ക് നാം ഓതിത്തരാം, നിന്നെ ഓതിക്കാം فَلَا تَنسَىٰ അതിനാൽ (അപ്പോൾ) നീ മറക്കുകയില്ല ﴾7﴿ إِلَّا ഒഴികെ مَا شَاءَ اللَّهُ അല്ലാഹു ഉദ്ദേശിച്ചത് إِنَّهُ يَعْلَمُ നിശ്ചയമായും അവൻ അറിയും الْجَهْرَ പരസ്യം, ഉറക്കെയുള്ളത് وَمَا യാതൊന്നും يَخْفَىٰ അവ്യക്തമാകുന്ന (മറഞ്ഞുപോകുന്ന) ﴾8﴿ وَنُيَسِّرُكَ നിനക്ക് നാം എളുപ്പമാക്കു (സൗകര്യപ്പെടുത്തു)കയും ചെയ്യും لِلْيُسْرَىٰ കൂടുതൽ (ഏറ്റവും) എളുപ്പ (സുഗമ)മായതിലേക്ക്

നബിﷺക്ക് അവതരിക്കുന്ന വഹ്‌യുകളൊന്നുംതന്നെ- അത് ക്വുർആനാകട്ടെ, അല്ലാത്തതാകട്ടെ മറന്നു പോകാതിരിക്കത്തക്കവണ്ണം മലക്ക് മുഖേന അല്ലാഹു തിരുമേനിക്ക് ഓതിക്കൊടുത്തു മനസ്സിൽ ഉറപ്പിച്ചു കൊടുക്കുമെന്നും, പിന്നേക്ക് ഓർമവെച്ചിരിക്കേണ്ടുന്ന ആവശ്യമില്ലാത്ത ഭാഗങ്ങൾ വല്ലതും അതിൽ ഉണ്ടെങ്കിൽ ആ ഭാഗം അല്ലാഹു മറപ്പിച്ചുകൂടായ്കയില്ലെന്നും, അതു നിമിത്തം ദോഷമൊന്നും സംഭവിക്കാനില്ലെന്നും അല്ലാഹു നബിﷺയെ ഉണർത്തുന്നു. അല്ലാഹു എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്നവനാണ്. അതിനാൽ ഒരു കാര്യവും അവന്റെ ശ്രദ്ധയിൽനിന്ന് വിട്ടുപോകുന്നതല്ല എന്ന് സമാധാനിപ്പിക്കയും ചെയ്യുന്നു. റമദ്വാൻ മാസത്തിൽ എല്ലാ രാത്രിയും ജിബ്‌രീൽ നബി (അ)യെ സന്ദർശിക്കലും ക്വുർആൻ പാഠം നോക്കലും പതിവായിരുന്നുവെന്നത് ഇവിടെ പ്രസ്താവ്യമാണ്. മതസംബന്ധമായും, പ്രബോധനസംബന്ധമായും കൂടുതൽ എളുപ്പവും സുഗമവുമായ മാർഗങ്ങൾ നബിﷺക്ക് തുറന്നു കിട്ടുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുമെന്നുകൂടി ഇതോടൊപ്പം അല്ലാഹു വാഗ്ദാനവും നൽകുന്നു.

فَذَكِّرْ إِن نَّفَعَتِ ٱلذِّكْرَىٰ ﴿٩﴾

﴾9﴿ ആകയാൽ, നീ ഉപദേശിച്ചു കൊള്ളുക, ഉപദേശം ഫലപ്പെടുന്നുവെങ്കിൽ.

سَيَذَّكَّرُ مَن يَخْشَىٰ ﴿١٠﴾

﴾10﴿ (അല്ലാഹുവിനെ) ഭയപ്പെടുന്നവർ ഉപദേശം സ്വീകരിച്ചുകൊള്ളുന്നതാണ്.

﴾9﴿ فَذَكِّرْ ആകയാൽ നീ ഉപദേശിക്കുക, ഓർമിപ്പിക്കുക إِن نَّفَعَتِ ഉപകാരപ്പെട്ടെങ്കിൽ, ഫലം ചെയ്യുമെങ്കിൽ الذِّكْرَىٰ ഉപദേശം, സ്മരണ ﴾10﴿ سَيَذَّكَّرُ ഉപദേശം സ്വീകരിച്ചു (ഓർമിച്ചു)കൊള്ളും مَن يَخْشَىٰ ഭയപ്പെടുന്നവൻ

ഉപദേശം ഫലപ്പെട്ടേക്കുമെന്ന് തോന്നുന്നിടത്ത് ഉപദേശം നൽകണമെന്നും, ഫലപ്പെടുന്നതല്ലെന്ന് കാണുന്നിടത്ത് അത് വേണ്ടതില്ലെന്നും അല്ലാഹു ചൂണ്ടിക്കാട്ടുന്നു. മൽസരബുദ്ധിയും, ദുർവാശിയും ഉള്ളവരെയും, എന്തുതന്നെ കേട്ടാലും തങ്ങൾ സ്വീകരിച്ചുവരുന്നതിന് വ്യത്യസ്തമായി മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കുവാൻ തയ്യാറില്ലാത്തവരെയും ഉപദേശിച്ചിട്ട് കാര്യമില്ലല്ലോ. ഇബ്നു കഥീർ (റ) ഉണർത്തിയതുപോലെ, ജനങ്ങൾക്ക് ഉപദേശം നൽകുന്ന ആളുകൾ അറിഞ്ഞിരിക്കേണ്ടുന്ന ഒരു മര്യാദയാണിത്. അതെ, ആശക്ക് വഴികാണുന്നിടത്ത് ഉപദേശം ചെയ്യുക, അല്ലാത്തിടത്ത് അതിന് മുതിരാതിരിക്കുക. അലി (റ) ഇപ്രകാരം പറഞ്ഞതായി നിവേദനം ചെയ്യപ്പെടുന്നു: 'ജനങ്ങളോട് അവർക്ക് മനസ്സിലാകുന്നതിനെക്കുറിച്ച് വർത്തമാനം പറയുക. അല്ലാഹുവിനെയും

അവന്റെ റസൂലിനെയും വ്യാജമാക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ?!' അഥവാ, ജനങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയാത്തത് പറഞ്ഞുകൊടുത്താൽ അത് സത്യനിഷേധത്തിനും, കുഴപ്പത്തിനും കാരണമാകുകയാണുണ്ടാവുക എന്ന് സാരം. സദുപദേശം ഫലപ്പെടുന്നത് ആർക്കായിരിക്കുമെന്നും അല്ലാഹു ചൂണ്ടിക്കാട്ടിയിരിക്കുന്നു. അല്ലാഹുവിനെക്കുറിച്ചും തന്റെ ഭാവി എന്തായിരിക്കുമെന്നതിനെക്കുറിച്ചും ഭയപ്പാടുള്ളവർക്ക് മാത്രമേ അത് ഉപയോഗപ്പെടുകയുള്ളൂ. ഈ രണ്ട് തുറയിലും ചിന്തിക്കാതെ ഹൃദയം മരവിച്ചവന് ഏത് ഉപദേശവും പ്രയോജനപ്പെടുന്നതല്ല. ഉപദേശം കേൾക്കാൻ തയ്യാറില്ലാത്തവന്റെ സ്ഥിതി എന്തായിരിക്കുമെന്ന് തുടർന്ന് ചൂണ്ടിക്കാട്ടുന്നു:-

وَيَتَجَنَّبُهَا ٱلْأَشْقَى ﴿١١﴾

﴾11﴿ ഏറ്റവും ഭാഗ്യംകെട്ടവൻ അതിനെ [ഉപദേശത്തെ] വിട്ടകന്നു പോകുന്നതാണ്;-

ٱلَّذِى يَصْلَى ٱلنَّارَ ٱلْكُبْرَىٰ ﴿١٢﴾

﴾12﴿ (അതെ) ഏറ്റവും വലിയ അഗ്നിയിൽ കടന്നെരിയുന്നവൻ.

ثُمَّ لَا يَمُوتُ فِيهَا وَلَا يَحْيَىٰ ﴿١٣﴾

﴾13﴿ പിന്നീട് അതിൽവെച്ച് അവൻ മരണമടയുകയില്ല, ജീവിക്കുകയുമില്ല.

﴾11﴿ وَيَتَجَنَّبُهَا അതിനെ വിട്ടകന്ന് (വെടിഞ്ഞു) നിൽക്കും الأَشْقَى ഏറ്റവും ഭാഗ്യം കെട്ടവൻ ﴾12﴿ الَّذِي يَصْلَى അതായത് കടന്നു കരിയുന്നവൻ النَّارَ الْكُبْرَى ഏറ്റവും വലിയ (വമ്പിച്ച) അഗ്നിയിൽ ﴾13﴿ ثُمَّ لَا يَمُوتُ പിന്നെ അവൻ മരണപ്പെടുകയില്ല فِيهَا അതിൽ وَلَا يَحْيَا ജീവിക്കയുമില്ല

സ്വന്തം രക്ഷക്കും ശാശ്വത വിജയത്തിനും ആവശ്യമായതും, യാതൊരു പ്രതിഫലവും കൂടാതെ ലഭിച്ചുകൊണ്ടിരിക്കുന്നതുമായ ഉപദേശങ്ങൾ കൽപിച്ചുകൂട്ടി തിരസ്കരിക്കുകയും, അങ്ങനെ അഗ്നികളിൽവെച്ച് ഏറ്റവും വമ്പിച്ച അഗ്നിക്ക് ഇരയാകേണ്ടിവരികയും ചെയ്തവനെക്കാൾ ഭാഗ്യംകെട്ടവൻ മറ്റാരുണ്ട്? ആ അഗ്നിയിൽ പ്രവേശിച്ചുകഴിഞ്ഞാൽ, പിന്നെ അതിന്റെ കാഠിന്യംകൊണ്ടെങ്കിലും ഒരിക്കൽ അവന് മരണം സംഭവിക്കുമായിരുന്നുവെങ്കിൽ, അതോടെ ശിക്ഷ അവസാനിക്കുമെന്ന് കരുതാമായിരുന്നു. പക്ഷേ, അതിൽ മരണം സംഭവിക്കുന്നതേയല്ല. എന്നാൽ പിന്നെ, അതിൽ അവൻ ജീവിച്ചിരിക്കുകയാണോ ചെയ്യുക? അതും പറഞ്ഞുകൂടാ. കാരണം, അല്പമെങ്കിലും ആശ്വാസമോ വിശ്രമമോ ലഭിക്കാതെ കാലാകാലം- ഒഴിവില്ലാതെ- ശിക്ഷ അനുഭവിച്ചുകൊണ്ടേയിരിക്കും. അതെ, അവരിൽ മരണം വിധിക്കപ്പെടുകയില്ല. എന്നാലവർക്ക് മരണപ്പെട്ടുപോകാമായിരുന്നു. അതിന്റെ ശിക്ഷയിൽനിന്ന് അവർക്ക് ലഘൂകരണം നൽകപ്പെടുന്നതുമല്ല.' (സൂറ: ഫാത്വിർ 36) അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. ആമീൻ.

قَدْ أَفْلَحَ مَن تَزَكَّىٰ ﴿١٤﴾

14. തീർച്ചയായും, (ആത്മ) പരിശുദ്ധി നേടിയവൻ ഭാഗ്യം പ്രാപിച്ചു.

وَذَكَرَ ٱسۡمَ رَبِّهِۦ فَصَلَّىٰ ١٥

15. തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും ചെയ്ത(വൻ).

﴾14﴿ قَدْأَفْلَحَ തീർച്ചയായും ഭാഗ്യം പ്രാപിച്ചു, വിജയിച്ചു مَنْتَزَكَّى പരിശുദ്ധമായവൻ, അഭിവൃദ്ധിയടഞ്ഞവൻ ﴾15﴿ وَذَكَرَ ഓർക്കുക (സ്മരിക്കുക- കീർത്തനം ചെയ്ക)യും ചെയ്ത اسْمَرَبِّهِ തന്റെ റബ്ബിന്റെ നാമം فَصَلَّى എന്നിട്ട് നമസ്ക്കരിക്കുകയും ചെയ്ത

അവിശ്വാസവും കാപട്യവും കൂടാതെ ഹൃദയം സംശുദ്ധമാകുകയും അല്ലാഹുവിനെക്കുറിച്ച് ബോധവും വിചാരവും ഉണ്ടായിരിക്കുകയും, ആ അടിസ്ഥാനത്തിൽ അല്ലാഹുവിനെ ആരാധിക്കുകയും -വിശിഷ്യാ നമസ്ക്കാരകർമം നിർവഹിക്കുകയും- ചെയ്തവരാരോ അവരത്രെ ഭാഗ്യവാൻമാരും വിജയികളും. അല്ലാത്തവരോ? ദുർഭാഗ്യവാൻമാരും പരാജിതരും.

تَزَكَّى (തസക്കാ) എന്ന വാക്കിന് 'അഭിവൃദ്ധിപ്പെട്ടു, വളർന്നു, പരിശുദ്ധമായി' എന്നൊക്കെയാണ് വാക്കർത്ഥം. സത്യവിശ്വാസം, സൽസ്വഭാവം, പരലോകചിന്ത, സക്കാത്ത് തുടങ്ങിയ ദാനധർമങ്ങൾ, ധ്യാനങ്ങൾ, ആരാധനാകർമങ്ങൾ ആദിയായവ മൂലം ഉളവായിത്തീരുന്ന ആന്തരികമായ ശുദ്ധിയും ആത്മീയാഭിവൃദ്ധിയുമാണ് ഉദ്ദേശ്യം.

بَلۡ تُؤۡثِرُونَ ٱلۡحَيَوٰةَ ٱلدُّنۡيَا ١٦

﴾16﴿ പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുന്നു.

وَٱلۡأٓخِرَةُ خَيۡرٞ وَأَبۡقَىٰٓ ١٧

﴾17﴿ പരലോകമാകട്ടെ, ഏറ്റവും ഉത്തമവും, കൂടുതൽ ശേഷിക്കുന്നതുമാണ്.

﴾16﴿ بَلْ പക്ഷേ, എങ്കിലും, എന്നാൽ تُؤْثِرُونَ നിങ്ങൾ പ്രാധാന്യം നൽകുന്നു, തിരഞ്ഞെടുക്കയാണ് الْحَيَاةَالدُّنْيَا ഐഹികജീവിതത്തിന്, ഇഹലോകജീവിതത്തെ ﴾17﴿ وَالآخِرَةُ പരലോകമാകട്ടെ خَيْرٌ ഉത്തമമാണ് وَأَبْقَى ഏറ്റവും ശേഷിക്കുന്ന (ബാക്കിയാകുന്ന)തുമാണ്

ഇതാണ് നിങ്ങൾക്ക് പിണഞ്ഞ ആപത്ത്. നിങ്ങളുടെ സകലനാശത്തിന്റെയും സാക്ഷാൽ ഹേതു നിങ്ങൾക്ക് കൂടുതൽ ഗുണകരവും, ഏറ്റവും ശേഷിക്കുന്നതുമായ പരലോകത്തെ അവഗണിച്ചതും, പകരം നശ്വരവും ക്ഷണികവുമായ ഐഹികജീവിതത്തെ സർവപ്രധാനമാക്കിയതുമാണ്.

إِنَّ هَٰذَا لَفِي ٱلصُّحُفِ ٱلۡأُولَىٰ ١٨

﴾18﴿ നിശ്ചയമായും, ഇത് ആദ്യത്തെ ഏടുകളിൽതന്നെയുണ്ട്;-

صُحُفِ إِبۡرَٰهِيمَ وَمُوسَىٰ ١٩

﴾19﴿ അതായത്, ഇബ്റാഹീമിന്റെയും, മൂസായുടെയും ഏടുകളിൽ.

﴾18﴿ إِنَّهَٰذَا നിശ്ചയമായും ഇത് لَفِيالصُّحُفِ ഏടുകളിൽ (തന്നെ) ഉണ്ട് الأُولَى ആദ്യ

ത്തെ, പൂർവ്വ ﴿19﴾ صُحُفِ إِبْرَاهِيمَ അതായത് ഇബ്റാഹീമിന്റെ ഏടുകൾ وَمُوسَى മൂസാ യുടെയും

മുഹമ്മദ് തിരുമേനിﷺ പ്രബോധനം ചെയ്യുന്നതും ഉപദേശിക്കുന്നതുമായ ഈ തത്വ സിദ്ധാന്തങ്ങൾ അദ്ദേഹം പുത്തനായി കൊണ്ടുവന്നതല്ല. ഇബ്റാഹീം നബി (അ), മൂസാ നബി (അ) മുതലായവർ കൊണ്ടുവന്ന മുൻ വേദഗ്രന്ഥങ്ങളിൽ ഉള്ളതുതന്നെ എന്ന് സാരം.

اللهم لك الحمد ولك المنة والفضل